# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മമ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം 10/ 2032/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മമ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം 10/ 2032/2023 തീയ്യതി: 30/10/2023

## മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-02-2023 മുതൽ 21-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ.കെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2023 | 02-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-08-2023 | 02-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സലീം ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസുഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.അസീന എ പി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. സക്കീന. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശ്രീനിവാസൻ .സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അവിസന്ന.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശിവാനന്ദൻ .സി | അസി.സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ കെ എം മുഹമ്മദ് | അസി.സെക്രട്ടറി | 20-10-2022 | 31-03-2023 |
| ഡോ.ധന്യശ്രീ..പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.അബ്ദുൾ നാസർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 01-09-2022 |
| ഡോ.അജീഷ് കെ വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 02-09-2022 | 31-03-2023 |
| ഡോ.സൂരജ്.സി | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.രോഹിണി നെല്ലിശ്ശേരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിഹാദ് .എം | കൃഷി ഓഫീസർ | 01-04-2022 | 22-07-2022 |
| ശ്രീ. സമീർ വി എം | കൃഷി ഓഫീസർ | 23-07-2022 | 31-03-2023 |
| ശ്രീമതി.ജയമ്മ മാത്യൂ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 15-03-2023 |
| ഒഴിവ് | ഹെഡ് മിസ്ട്രസ്സ് | 16-03-2023 | 31-03-2023 |
| ശ്രീമതി ഫസ്ന ഇ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 27-07-2022 |
| ശ്രീമതി ലമ്യ ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 28-07-2022 | 18-09-2022 |
| ശ്രീ അലി ഫൈസൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 19-09-2022 | 06-10-2022 |
| ശ്രീമതി സൗദ നടുക്കണ്ടിയിൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 07-10-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത് .എൻ.ടി | വി.ഇ.ഒ | 01-04-2022 | 18-07-2022 |

| | | | |
|---|---|---|---|
| ഒഴിവ് | വി.ഇ.ഒ | 19-07-2022 | 19-07-2022 |
| ശ്രീമതി ദിവ്യ എൻ | വി.ഇ.ഒ | 20-07-2022 | 05-09-2022 |
| | | 21-11-2022 | 31-03-2023 |
| ശ്രീ അബ്ദുൽ റഷീദ് കെ എ | വി.ഇ.ഒ | 06-09-2022 | 21-09-2022 |
| ശ്രീ ജിഷ്ണു ഉദയൻ | വി.ഇ.ഒ | 22-09-2022 | 14-11-2022 |
| ഒഴിവ് | വി.ഇ.ഒ | 15-11-2022 | 20-11-2022 |
| ശ്രീമതി സജിത ടി വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ അബ്ദുൽ കരീം | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 30-01-2023 |
| ശ്രീ. ഷിഹാബുദ്ദീൻ മച്ചിങ്ങൽ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 31-01-2023 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകക**ൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റ**ർ** കാലികമാക്കിയില്ല | 1-1-3 |
| 5 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് -അപാകത | 1-1-8 |
| 10 | ട്രയ**ൽ** ബാല**ൻ**സി**ൽ** തുകകൾ തെറ്റായി രേഖപ്പെടുത്തി | 1-1-9 |
| 11 | ചെലവുകൾ തെറ്റായ ഹെഡ്ഡിൽ ബുക്ക് ചെയ്തു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ - അവലോകനം | 1-11 |
| 22 | തനത് വിഭവ സമാഹരണം- അവലോകനം | 1-12 |
| 23 | വസ്തുനികുതി നിർണ്ണയം -അപാകതകൾ | 1-13 |
| 24 | വസ്തു നികുതി നിർണ്ണയം-സഞ്ചയ അസ്സസ്മെന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-13-1 |
| 25 | നികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങളിൽ ഓഡിറ്റോറിയം ,കാന്റീൻ എന്നിവ പ്രവർത്തിക്കുന്നു | 1-14 |

| | | |
|---|---|---|
| 26 | കടമുറി വാടക – അപാകതകൾ | 1-15 |
| 27 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-16 |
| 28 | അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-17 |
| 29 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - അധിക തുക നൽകി | 1-18 |
| 30 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-19 |
| 31 | ലൈഫ് ഭവനപദ്ധതി പ്രൊജക്റ്റ് പുരോഗതി കൈവരിക്കുന്നില്ല | 1-20 |
| 32 | വയോജന പരിപാലനം-ഹോണറേറിയവും ക്ലബ്ബ് പ്രവർത്തനങ്ങളും പ്രൊജക്ട് :അപാകത | 1-21 |
| 33 | സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്താതെ പോത്തുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നു | 1-22 |
| 34 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-23 |
| 35 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 36 | വാഴക്കന്ന് വിതരണം - അപാകതകൾ | 1-25 |
| 37 | MES മമ്പാട് കോളേജിലെ അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-26 |
| 38 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല. | 1-27 |
| 39 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-28 |
| 40 | മുൻകൂർ തുക നൽകി - മരുന്ന് ലഭ്യമായില്ല. | 1-29 |
| 41 | കണക്കിൽപ്പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-30 |
| 42 | ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. | 1-31 |
| 43 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-32 |
| 44 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-33 |
| 45 | എസ്.സി കുടുംബങ്ങളുടെ ഭൂമി സംരക്ഷണം - അപാകതകൾ | 1-34 |
| 46 | വടപുറം ST ഫാമിലി ലാന്റ് പ്രൊട്ടക്ഷൻ പ്രവൃത്തി - അപാകതകൾ | 1-35 |
| 47 | ഗുണഭോക്തൃസമിതി പ്രവൃത്തി - ഓവർഹെഡ് ചാർജ്ജ് അധികം നൽകി. | 1-36 |
| 48 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-37 |
| 49 | ഓഡിറ്റ് റിപ്പോർട്ടിൽ നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വടപുറം ST ഫാമിലി ലാന്റ് പ്രൊട്ടക്ഷൻ പ്രവൃത്തി - അപാകതകൾ | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് റിക്കവറി. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങളും അനുസരിച്ച് മമ്പാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.07.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 10.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി:

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

### 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 2827910/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം44062884/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

### 1-1-4 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

B4 ൽ ഉൾപ്പെടുത്തിയ പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഇല്ലാത്ത ചുവടെ ചേർത്ത ഇനങ്ങളുടെ നീക്കിയിരിപ്പ് പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

| HEAD CODE | ITEM | AMOUNT |
|---|---|---|
| 320100181 | TSC | 1313560 |
| 320100105 | Awards And Honours - Central Government | 2000 |
| 320100196 | Integrated Child Developement Scheme | 5,864,062.0 |
| 320100198 | GRANT FROM SUCHITWA MISSION | 94623 |
| 320100999 | OTHER LIABILITIES | 48163 |
| 320300103 | GRANT &FUND-SPECIFIC-sanitation | 638340 |
| 320200399 | GRANT &FUND-SPECIFIC | 28450882 |
| 320300199 | GRANT &FUND-SPECIFIC | 544490 |
| 320800101 | Beneficiary Contribution | 117773 |

## 1-1-5 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS B-4 ( Contribution For Specific Purposes) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ( Cash And Bank Balance ) ൽ കാണിച്ച ഇതേ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|---|
| 1 | NREGS | 4550 | 6550 |
| 2 | CFC | 2791666+7901172(TIED + UNTIED)=10692838 | 10830712 |

## 1-1-6 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

B-9 ൽ ഉൾപ്പെട്ട ചുവടെ ചേർത്ത ഹെഡ്ഡുകളിലെ ക്രമീകരിക്കുവാനുള്ള തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| HEAD CODE | ITEM | AMOUNT |
|---|---|---|
| 350300103 | VAT | 30449 |

## 1-1-7 ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3) | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 28627041 | 33332110+1844193=35176303 | 6549262 |
| വികസനഫണ്ട് (എസ്.സി.പി) | 6910429 | 8379842+42366=8422208 | 1511779 |
| വികസനഫണ്ട് (ടി.എസ്.പി) | 2823673 | 3194998+547769=3742767 | 919094 |
| (റോഡ്) | 5888665 | 5724412+313517=6037929 | 149264 |
| നോൺ റോഡ് | 5780518 | 4574680+1702856=6277536 | 497018 |
| Un Tied | 3481489 | 1367264+2305724=3672988 | 191499 |
| Tied | 5291209 | 2848550+1426495=4275045 | 1016164 |

## 1-1-8 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് -അപാകത

State Bank Of India NILAMBUR( 67387968417 )ലെ 31-3-23 ലെ പാസ്സ് ബുക്ക് ബാലൻസ് 1204266/-രൂപയാണ് എന്നാൽ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബങ്ക് പാസ്ബുക്ക് ബാലൻസ് 1,177,257.00 രൂപ എന്നാണ് കാണിച്ചിട്ടുള്ളത്.

## 1-1-9 ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരം 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ നീക്കീയിരുപ്പ് ₹ 16311186 ആണ്. ഇത് ട്രയൽ ബാലൻസിൽ 310900101 – Excess Of Income Over Expenditure ശീർഷകത്തിലെ നീക്കിയിരുപ്പുമായി (23892091.6) പൊരുത്തപ്പെടുന്നില്ല.

## 1-1-10 ചെലവുകൾ തെറ്റായ ഹെഡ്ഡിൽ ബുക്ക് ചെയ്തു

വടപുറം ST ഫാമിലി ലാന്റ് പ്രൊട്ടക്ഷൻ എന്ന പ്രവൃത്തിയിലെ റെവന്യൂചെലവ് കാപിറ്റൽ ചെലവായി ബുക്ക് ചെയ്തു ബാലൻഷീറ്റിൽ BII-(e) ഷെഡ്യൂളിൽ പഞ്ചായത്തിന്റെ ആസ്തിയായി (415120106 -Other Building Side Wall)എന്ന് ഉൾപ്പെടുത്തി.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 3/1 തീയതി. 27-03-2022 | 4/1 തീയതി. 07-02-2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39769530 |
| വരവ് | 270605723 |
| ആകെ | 310375253 |
| ചെലവ് | 226542839 |
| നീക്കിയിരിപ്പ് | 83832414 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28627874 | 28627874 | 28627041 | 833 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6910587 | 6910587 | 6910429 | 158 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 3138476 | 3138476 | 2823673 | 314803 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9652000 | 9652000 | 5888665 | 3763335 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7176000 | 7176000 | 5780518 | 1395482 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 0 | 5417570 | 5417570 | 3481489 | 1936081 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 9847353 | 9847353 | 5291209 | 4556144 |
| ബി-ഫണ്ട് | 0 | 54932280 | 54932280 | 54932280 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 348 | 300275301 | 237 | 99902948 | 0 | 111 | 68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6695 | 1364187 | 1370882 | 1364332 | 6550 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (ക്യാപിറ്റൽ ചെലവ് ഉൾപ്പെടെ ) | 0 | 53722283 | 53722283 | 53722283 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2880 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 3250600 | 316 |
| വിധവാപെൻഷൻ | 16193200 | 1520 |
| വാർദ്ധക്യകാലപെൻഷൻ | 27687800 | 2742 |
| വികലാംഗപെൻഷൻ | 6749400 | 639 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 598400 | 58 |
| ആകെ | 54932280 | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.09.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5 രൂപയുടെ വ്യത്യാസം കണ്ടു.ഡേബുക്കും കളക്ഷൻ തുകയും തമ്മിലുള്ള വ്യത്യാസം 5 /-രൂപ ചില്ലറയില്ലാത്തത് കാരണം കൊടുക്കാൻ ബാലൻസുള്ള തുകയാണെന്ന് വ്യക്തമാക്കി.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. - പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടില്ല
- പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണ്ക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.
- അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
- ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
- വിവിധ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
- അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.
- അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ , സ്പെഷ്യൽ TSB അക്കൗണ്ട് എന്നിവയിൽ കണക്കിൽപെടാത്ത പണം അവശേഷിക്കുന്നു
- ഓഡിറ്റ് റിപ്പോർട്ടുകളിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല.
- കൃഷി ഓഫീസർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2022 | ഒക്ടോബർ 2022 വരെ | 11.11.2022 |
| എ.ജി ഓഡിറ്റ് | 22.08.2016 | 2011-12 മുതൽ 2015-16 വരെ | 07-10-2016 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി ഫയലിൽ/പുനരഭിപ്രായക്കുറിപ്പ് പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ഡെപ്പോസിറ്റ് തുകയുടെ പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം. | പ്രൊജക്റ്റ് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | മൂല്യ നിർണ്ണയം പ്രകാരം) | |
| 1 | തോട്ടിന്റക്കര കാമ്പ്രത്ത് പ്രദേശം KWAപൈപ്പ് ലൈൻ നീട്ടൽ | 2016-17 | KWA | 75000 | 0 | 75000 |
| 2 | KWA കുടിവെള്ള സർവ്വെ മാപ്പ് | 2016-17 | KWA | 300000 | 0 | 300000 |
| 3 | 35/18-19 സ്ട്രീറ്റ് മെയിനിന്ന തുക അടവാക്കൽ | 2018-19 | KSEB | 300000 | 0 | 300000 |
| 4 | 221/18-19 മമ്പാട്ടങ്ങാടി ക്കടവ് മേൽപാലം റിപ്പയർ | 2018-19 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനി. | 1050000 | 0 | 1050000 |
| 5 | 153/19-20, തോട്ടിൻകര KWA പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 100000 | 0 | 100000 |
| 6 | 154/19-20, ടാണ KWA പൈപ്പ്ലൈൻ നീട്ടൽ | 2019-20 | KWA | 100000 | 0 | 100000 |
| 7 | 156/19-20, നടുവക്കാട് KWA പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 40000 | 0 | 40000 |
| 8 | 222/21, സ്ട്രീറ്റ് മെയിൻ - മീറ്റർ സ്ഥാപിക്കൽ | 2020-21 | KSEB | 100912 | 0 | 100912 |
| 9 | 45/21, പാലാപറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 2020-21 | KSEB | 55858 | 0 | 55858 |
| 10 | 412/21, നടുവക്കാട് മില്ലുംപടി പൈപ്പ്ലൈൻ നീട്ടൽ | 2020-21 | KWA | 50000 | 0 | 50000 |
| 11 | 226/21, അമ്പലക്കുന്ന് | 2020-21 | KWA | 30000 | 0 | 30000 |

| | | | | | | |
|---|---|---|---|---|---|---|
| | KWA പൈപ്പ് ലൈൻ നീട്ടൽ | | | | | |
| 12 | 33/21, വടപുറം KWA പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 130000 | 0 | 130000 |
| 13 | 174/22, ചെമ്പൻകാട് AWC | 2021-22 | NREGS Mission | 600000 | 0 | 600000 |
| 14 | 294/22, PHCയിൽ സ്ത്രീ സൗഹൃദ വിശ്രമ കേന്ദ്രം നിർമ്മാണം | 2021-22 | NHM | 1155000 | 0 | 1155000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി 16/22-23/25.08.2023ന് മറുപടി ലഭ്യമാക്കി.

മേൽ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തനത് വിഭവ സമാഹരണം- അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

- 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 26മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല
- ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

2)വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മമ്പാട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.
- ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ

5-08-23(11/1)നമ്പർ തീരുമാന പ്രകാരം അന്തിമമായി അംഗീകരിച്ചിട്ടുണ്ട്.

- കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ അംഗീകരിച്ചിട്ടുണ്ട്.
- റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.
- പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ല.
- വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 456 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു.

3.ലൈസൻസ് ഫീസ്

പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, കടയുടെ ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണെങ്കിലും നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

5.മറ്റിനങ്ങൾ

1.ഗ്രാമപഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ്,തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വരവില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല.

2.ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ്

ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

3.2022-23 വർഷത്തിൽ ലൈബ്രറിയിൽനിന്നുള്ള വരുമാനം 3872/- രൂപയാണ്.

6.വാടക

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം വാടകക്ക് നൽകുന്നതിന് സജ്ജമായിട്ടുള്ളത് ആകെ 22 കടമുറികളാണ്. ആയതിൽ 11 റൂമുകൾ ഒഴിഞ്ഞു കിടക്കുകയാണ്.ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം വീട്ടിക്കുന്ന്,മാടം കോളനി (1ാം വാർഡിൽ)എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ ഉള്ളതായി കാണുന്നു .എന്നാൽ ഇവയിൽ നിന്നും വാടക ഈടാക്കുന്നുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും , തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.
ഇത് സബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (31/1-9-23) ന് മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വസ്തുനികുതി നിർണ്ണയം -അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം5 കുറിപ്പ് 1 പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്താണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ABOOBACKER MUSLIYARAKATH എന്നിവരുടെ ഉടമസ്ഥതയിൽ 123/47,123/6/123/46എന്ന സർവ്വെ നമ്പറിലുള്ള .696ഹെക്ടർ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 18/248P, Q,R,S,T,U,V എന്നീ കെട്ടിടങ്ങൾക്ക് (Special Residance A2 ) റെഗുലറൈസ് ചെയ്ത് നമ്പർ അനുവദിച്ച് (അപേക്ഷ നം Sc2/1104/22/14-02-22)നൽകിയിട്ടുണ്ട്. ഓവർസിയറുടെ 12-1-22 ലെ സൈറ്റ് പരിശോധന റിപ്പോർട്ടിൽ മേൽ കെട്ടിടങ്ങളുടെ കൈവശ ഗണം Special Residance A2 ആണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.2022-23ൽ ഈ കെട്ടിടങ്ങൾക്ക് ലോഡ്ജ് നടത്തിപ്പിനുവേണ്ടി വ്യാപാര ലൈസൻസ് ( ലൈസൻസ് നം 2/2022-23,ലൈസൻസ് ഫയൽ നം5792/22 /19-5-22)എടുത്തിട്ടുണ്ട്.
എന്നാൽ അസസ്മെന്റ് ഫയൽ പരിശോധിച്ചതിൽ 18/248 P ,Q,R,S ,T,U,V മുറികൾക്ക് പാർപ്പിടാവശ്യം [കൈവശ ഗണം A1] എന്ന കൈവശ ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത് [അസസ്മെന്റ് തിയ്യതി 17.06.2022]. അംഗീകൃത പ്ലാൻ (Special Residance A2)പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങളെ ലോഡ്ജ് [കൈവശ ഗണം A2] ഇനത്തിൽ ഉൾപ്പെടുത്താതെ പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തിയത് ക്രമ പ്രകാരമല്ല. മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/28-8-23) മറുപടി ലഭ്യമായിട്ടില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13-1 വസ്തു നികുതി നിർണ്ണയം-സഞ്ചയ അസ്സസ്മെന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 (4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിംഗിനായി സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തു നികുതി ചുമത്തിയില്ല എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | | |
|---|---|---|
| ഫയൽ നമ്പർ | Sc2/1104 /22/14-02-22 റെഗുലറൈസേഷൻ | കുറിപ്പ് |
| കെട്ടിട ഉടമ | ABOOBACKER MUSLIYARAKATH | ഫയലിന്റെ കൂടെ ചേർത്ത ഫോം 6 പരിശോധിച്ചതിൽ 59.05 ച.മീ ക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് |
| സർവ്വെ നമ്പർ | 123/47,123 /6/123/46 | |

| | | |
|---|---|---|
| | .696ഹെക്ടർ | |
| ഉപയോഗക്രമം | Special Residance A2 | |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | GF-59.05m2<br>Total- 59.5m2 | ആകെ 15.19ച മീക്ക് മാത്രമാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത് . |
| വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | 15.19m2 (വാണിജ്യം) | |
| അനുവദിച്ച കെട്ടിട നമ്പർ | 18/248R | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (24/28-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2.

| ഫയൽ നമ്പർ | A2-BA(240506/2018 /26-07-2018) | | കുറിപ്പ് |
|---|---|---|---|
| കെട്ടിട ഉടമ | സ്റ്റാൻലി പുതുശ്ശേരി | | |
| സർവ്വെ നമ്പർ | 82/192/1- 15.99ആർ | | |
| ഉപയോഗക്രമം | വാണിജ്യം | | |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | GF-231.3m2<br>FF-321.6m2<br>STAIR-26.10<br>Total- 579.0m2 | | ഫയലിന്റെ കൂടെ ചേർത്ത ഫോം 6 പരിശോധിച്ചതിൽ 3/402 A,B,C,D റൂമുകൾക്ക് യഥാക്രമം83.7,73.8,73.8,25.8ച മീ വീതം ആകെ 257.1 നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് ആകെ 173.4ച മീക്ക് മാത്രമാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത് . |
| വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | (വാണിജ്യം) | | |
| | 3/402A | 59.2 M2 | |
| | 3/402B | 44,2m2 | |
| | 3/402C | 44.2m2 | |
| | 3/402D | 25.8m2 | |
| ആകെ | | 173.4m2 | |
| അനുവദിച്ച കെട്ടിട നമ്പർ | 3/402A,B,C,D | | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (38/2-9-23)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 നികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങളിൽ ഓഡിറ്റോറിയം ,കാന്റീൻ എന്നിവ പ്രവർത്തിക്കുന്നു

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ

ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവ ഉൾപ്പെടുന്നുണ്ട്.എന്നാൽ MES മമ്പാട് കോളേജിൽ പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിന് കോളേജ് മാനേജ്മെന്റ് കമ്മിറ്റി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിട ലേ ഔട്ടിന് അംഗീകാരം നൽകി മലപ്പുറം ജില്ലാ ടൗൺപ്ലാനർ പുറപ്പെടുവിച്ച ഉത്തരവ് TCPMPM/ 1160/2021-A3 30/10/2021 ) പ്രകാരം കോളേജിൽ 430.04(new)+184.08(0ld)ചമീ കാന്റീൻ, 1105 ചമീ ഓഡിറ്റോറിയം എന്നീ ഇനത്തിലുള്ള കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്.എന്നാൽ സഞ്ചയ അസ്സെസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പരാമർശിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് നമ്പർ നൽകി അധികൃതമാക്കിയിട്ടില്ല എന്ന് വ്യക്തമായി.മേൽ പരാമർശിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും / അനധികൃതമായാണ് നിർമ്മാണം എങ്കിൽ നിയമപ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/24-8-23)മറുപടി ലഭ്യമായിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 കടമുറി വാടക – അപാകതകൾ

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം വാടകക്ക് നൽകുന്നതിന് സജ്ജമായിട്ടുള്ളത് ആകെ 22 കടമുറികളാണ്. ആയതിൽ 5 റൂമുകൾ (12/188, 12/189, 12/190,12/191,12/192) ജനകീയ ഹോട്ടലിന് വാടകയില്ലാതെ അനുവദിച്ചവയാണ്. പ്രസ്തുത റൂമുകളുടെ പേജിൽ മാത്രമാണ് കൈവശക്കാരന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ളത്.12/203,12/204,12/205,12/206 എന്നീ 4 റൂമുകൾ (ആകെ @Rs.5221+940GST), 12/193 നമ്പർ റൂം(@ Rs1820+328GST),12/194 നമ്പർ റൂം(@ Rs1820+328GST) എന്നിവയാണ് വാടക ലഭിക്കുന്ന(06)റൂമുകൾ. 11 റൂമുകൾ (12/195,196,197,198,199,200,201,202,188A,188B,188C) ഒഴിഞ്ഞു കിടക്കുകയാണ്.

വാടക സംബന്ധിച്ച രേഖകകൾ പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽ പെട്ട അപാകതകൾ:-

1) രജിസ്റ്റർ: വാടകക്കാരന്റെ പേര് ,വിലാസം, ഫോൺ നമ്പർ, കരാർ വിശദാംശം, കാലാവധി, വാടക വർദ്ധനവ് വരുത്തേണ്ട തീയതി മുതലായ അടിസ്ഥാന വിവരമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2) ഫയൽ: ലേലം, പുനർലേലം, വാടക ഡിമാന്റ്, കുടിശ്ശിക വരുത്തുന്നവർ/കരാർ ലംഘനം നടത്തുന്നവർക്ക് നേരെ സ്വീകരിച്ച ചട്ടം/ബൈലോ പ്രകാരമുള്ള നടപടികൾ മുതലായവ ഉൾകൊള്ളുന്ന കുറിപ്പ് &കറണ്ട് ഫയൽ സൂക്ഷിച്ചിട്ടില്ല.

3) കരാർ:

A) 12/203,12/204,12/205,12/206 എന്നീ 4റൂമുകൾ (മാവേലി സ്റ്റോർ) സംബന്ധിച്ച കരാറിന്റെ ഒറിജിനൽ സൂക്ഷിച്ചിട്ടില്ല. ഫോട്ടോ കോപ്പി പ്രിന്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.

B) കരാറിൽ ഏകീകൃത സ്വഭാവമില്ല : 12/193, 194 റൂമുകൾ കൈവശമുള്ള മുഹമ്മദ് ഫാസിൽ അതത് മാസം മുൻകൂറായി 5ാംതിയ്യതിക്കു മുമ്പ് വാടക ഒടുക്കണം. എന്നാൽ മാവേലി സ്റ്റോർ തൊട്ടടുത്ത മാസം 7ാംതീയതിക്കകം ഒടുക്കിയാൽ മതി.

C) ചട്ട വിരുദ്ധമായ ആനുകൂല്യം കരാറിൽ ഉൾപ്പെടുത്തി: 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 7(3)ാംചട്ടപ്രകാരം, വാടകയ്ക്ക് കൊടുത്തിട്ടുള്ള യാതൊരു കെട്ടിടമോ മുറിയോ ഇടമോ ലൈസൻസുകാരൻ, മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുക്കാനോ അതിന്റെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ലാത്തതാകുന്നു. എന്നാൽ മാവേലി സ്റ്റോറിനു വേണ്ടിയുള്ള കരാറിൽ കരാറുകാരന് ഉപകരാർ നൽകൽ ഉൾപ്പെടെ അനുയോജ്യമെന്ന് തോന്നുന്ന ഏതു കാര്യത്തിനും വാടകസ്ഥലം ഉപയോഗിക്കാമെന്ന് നിബന്ധനAയിൽ വ്യക്തമാക്കുന്നു.പ്രാബല്യത്തിലുള്ള എല്ലാ തരം ലൈസൻസുകൾക്കും വിധേയമായി മാത്രം വാടകസ്ഥലം വിനിയോഗിക്കേണ്ടതാണെന്ന് കരാറിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും ആയത് ഉൾപ്പെടുത്തിയില്ല എന്ന് മാത്രമല്ല ആയതിന് വിരുദ്ധമായി വാടകക്കാരന് അനുയോജ്യമെന്ന് തോന്നുന്ന ഏതു കാര്യത്തിനും ഉപയോഗിക്കാമെന്ന് നിബന്ധനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4) ബൈലോ: അംഗീകൃത ബൈലോ പ്രസിദ്ധീകരിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/24.8.2023) യെ തുടർന്ന് അപാകത നമ്പർ 1പരിഹരിച്ചു.അപാകത2:നിലവിൽ ILGMSൽ ഫയൽ രേഖപ്പെടുത്തലുകൾ നടത്തുന്നതായും 3(a):കരാർ ഒറിജിനൽ ഹാജരാക്കിയും 3(b),(c) എന്നിവ പരിഹരിക്കുന്നതാണെന്നും 4:ബൈലോ അംഗീകാരം നേടുന്നതിന് നടപടി സ്വീകരിച്ചു വരികയാണെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പൂർണ്ണമായി പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| MES ഹയർ സെക്കന്ററി സ്കൂൾ,മമ്പാട് | 9/600Aച മീ<br>CF=127ച മീ<br>GF=230ച മീ<br>FF=230ച മീ<br>SF=15ച മീ<br>91583-300ച.മീ.<br>TOTAL =902 ച മീ | 2x9.3x6.1= 113.46ചമീ( GF – 2 Room )<br>6x6.7x6.1=245.22ചമീ (GF – 6 Room )<br>1x6.2x6.1= 37.82 ചമീ (GF – 1room )<br>TOTAL=396.5ചമീ<br>2x9.3x6.1= 113.46 ചമീ (FF – 2 Room )<br>2x6.2x6.1= 75.64 (FF – 2 Room )<br>1x6.2x6.1= 37.82 (FF – 1 Room )<br>5x6.2x6.1= 189.1 (FF – 5room )<br>TOTAL=416.02ചമീ<br>2x9.3x6.1= 113.46 ചമീ (SF – 2 Room )<br>2x6.2x6.1= 75.64ചമീ (SF – 2 Room )<br>1x6.2x6.1= 37.82ചമീ (SF – 1 Room )<br>5x6.2x6.1= 189.1ചമീ (SF – 5room )<br>TOTAL=416.02ചമീ<br>1x9.3x6.1= 56.73ചമീ (TF – 1 Room )<br>3x6.2x6.1= 113.46ചമീ (TF – 3 Room )<br>1x6.2x6.1=37.82ചമീ (TF – 1 Room )<br>3x6.2x6.1=113.46ചമീ (TF – 3room )<br>1x6.3x6.1=38.43ചമീ (TF – 1 Room )<br>1x6.35x6.1=38.735ചമീ (TF – 1 Room )<br>TOTAL=398.635ചമീ<br>TOTAL=1627.175ചമീ |

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ ഒരു സ്കൂളിന്റെ ഫിറ്റ്നസ് അപേക്ഷ മാത്രമാണ് ഓഡിറ്റ് വിശദ പരിശോധന നടത്തിയത്. മറ്റ് സ്ഥാപനങ്ങളിലും ഇത്തരത്തിൽ അനധികൃത നിർമ്മാണങ്ങൾക്ക് സാധ്യതയുണ്ട്.

വിദ്യഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തി അനധികൃത നിർമ്മിതികൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരം തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മിതികൾ കണ്ടെത്തി നിയമപ്രകാരം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/25-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്തെ അനധികൃത നിർമ്മിതികൾ കണ്ടെത്തുന്നതിനും അനധികൃത നിർമ്മിതികൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പഞ്ചായത്തിലെ അനധികൃത നിർമ്മിതികളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം , UA നമ്പർ നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 07/23-08-23) UA രജിസ്റ്റർ ഹാജരാക്കി.രണ്ട് പാർപ്പിട കെട്ടിടങ്ങൾ മാത്രമാണ് അതിൽ ഉൾപ്പെട്ടിരുന്നത്.

അനധികൃത നിർമ്മിതികൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് | എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ 359/23 |
| അടങ്കൽ | 450000 |
| ചെലവ് | എസ് സി പി ഫണ്ട്<br>440000 |
| ബിൽ നം. | 1. 22150752029201199356/16-02-2023, 140000 |
| | 2. 22150752029201041311/13-03-2023, 20000 |
| | 3. 22150752029200954681/24-12-2022, 80000 |
| | 4. 22150752029200978530/29-12-2022, 100000 |
| | 5. 22150752029201008636/06-01-2023, 40000 |
| | 6. 22150752029200998505/05-01-2023, 60000 |
| നിർവ്വഹണം | അസി.സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ എസ് സി വിദ്യാർത്ഥികൾക്ക് പഠിക്കുന്ന കോഴ്സിനനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ പ്രൊജക്റ്റ് പ്രകാരം തുക ചെലവുചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കണ്ടു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 115/2022ത.സ്വ.ഭ.വ തിയ്യതി 28.05.2022 ഖണ്ഡിക 7.2.4പ്രകാരം പ്ലസ്ടുവിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റെഗുലർ കോഴ്സ് ന് പഠിക്കുന്ന കുട്ടിക്ക് നൽകാവുന്ന പരമാവധി സ്കോളർഷിപ്പ് 15000/-രൂപയാണ്. മേൽ പ്രൊജക്റ്റിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിദ്യാർത്ഥിക്ക് അർഹതപ്പെട്ട തുകയിലും കൂടുതൽ നൽകിയിട്ടുള്ളതായി വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര്/<br>പഠിക്കുന്ന കോഴ്സ്<br>അക്കൌണ്ട് നമ്പർ | സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ<br>(നൽകാവുന്ന തുക -15000) | അധികം നൽകിയത് |
|---|---|---|
| ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ്<br>SBIN0070194<br>67257421009 | 20000<br>BRN22150752029201199356/16-02-23 | 5000 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/25-8-23) എഞ്ചിനീയറിംഗ് ഡിപ്ലോമ (പോളി ടെക്നിക്.ഐ ടി ഐ) കോഴ്സുകൾക്ക് 20000/-രൂപ അനുവദിക്കാമെന്ന് വ്യക്തമാക്കുന്നുണ്ട്.ആയതിനാലാണ് ഡിപ്ലോമ കോഴ്സായ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് ന് 20000/-രൂപ

അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കി.ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് സർക്കാറിലേക്ക് സമർപ്പിക്കുമെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.
മാർഗ്ഗരേഖ പ്രകാരം അനുമതി ഇല്ലാത്തവ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

I. ആമുഖം

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. ജൈവ , അജൈവ മാലിന്യങ്ങൾ , ഖര , ദ്രവ , വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധ തരം മാലിന്യങ്ങൾ ഉണ്ടെങ്കിലും മമ്പാട് ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതി പരിഗണിക്കുമ്പോൾ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല.

നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. ഗ്രാമ പ്രദേശമായതിനാൽ ഉറവിട ജൈവ മാലിന്യ സംസ്കരണം ഏറക്കുറെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഹരിത കർമ്മസേനയുടെ 2022-23 വരെയുള്ള പ്രവർത്തനം പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.
II.ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ.

- 07.06.2021 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 27അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 19 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ ഓരോ വാർഡിലേക്കും 2അംഗങ്ങൾ വീതം മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്.
- വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 9680 വീടുകൾ, 680കടകൾ എന്നിവ ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.
- ഹരിത കർമ്മസേന അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത്. ഗ്രാമീണ ബാങ്ക് മമ്പാട് ശാഖയിലെ 40163101113055 നമ്പർ അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്.
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ ,സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.
- മമ്പാട് ഗ്രാമപ്പഞ്ചായത്തിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അന്തിമ ബൈലോ 30.11.2022 ലെ 9/1ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുയും പഞ്ചായത്ത് ഡയറക്ടറുടെ നം LSGD/PD/21397 /2023-AR3/KDis/9-6-23ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിക്കുകയും ചെയ്തതാണ്.

III. അടിസ്ഥാന സൗകര്യങ്ങൾ.

ഹരിത കർമ്മസേന പ്രവർത്തനം സംന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. ( 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ ) നിലവിൽ ഒന്നാം വാർഡിൽ കരിക്കാട്ടുമണ്ണ എന്ന

സ്ഥലത്ത് 504.9ച.മീ വിസ്തൃതിയുള്ള വാടക കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്.

ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് കളിൽ എത്തിക്കുന്നതിന് പഞ്ചായത്ത് ഇലക്ട്രിക് ഗുഡ്സ് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ വാഹനം ഓടിക്കുന്നത് ഹരിതകർമ്മ സേന അംഗങ്ങൾ തന്നെയാണ്.

IV.പ്രവർത്തനങ്ങൾ

I) മാലിന്യ ശേഖരണം / കയ്യൊഴിക്കൽ

ഹരിത കർമ്മസേനയിലെ രണ്ട് അംഗങ്ങൾ വീതം ചേർന്നാണ് ഓരോ വാർഡിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാഹനങ്ങൾ ഉപയോഗിച്ച് MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്ടഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ ക്ലീൻ കേരള കമ്പനിക്കാണ് റിജക്ടഡ് വേസ്റ്റ് കൈമാറുന്നത്. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ ആകെ61465 Kg റിജക്ടഡ് വേസ്റ്റ് ,28475.47kg സ്ക്രാപ്പ് എന്നിവ
കൈയ്യൊഴിഞ്ഞിട്ടുണ്ട്. എന്നാൽ വരവ് വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

Ii) യൂസർ ഫീ കളക്ഷൻ

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്ട് ചെയ്യുന്നതിന് രസീത് നൽകുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1096020/-രൂപ യൂസർ ഫീ പിരിച്ചിട്ടുണ്ട്.

VI) വരുമാന മാർഗ്ഗങ്ങൾ

യൂസർ ഫീ, സ്ക്രാപ്പ് വില്പന,ടൗൺ ക്ലീനിംഗ് എന്നീ ഇനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തിൽ 299131/-രൂപ വരവ് വന്നിട്ടുണ്ട്. സാധാരണ വരുമാന മാർഗ്ഗങ്ങളായ യൂസർഫീ, സ്ക്രാപ്പ് വില്പന വരവ് എന്നിവയ്ക്ക് പുറമെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങളായി നടപ്പിലാക്കാവുന്ന വിവിധ പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

VII) ചെലവിന്റെ വിവരം

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ട് ചെലഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു

| പ്രൊജക്ട് | ചെലവ് |
|---|---|
| 342/23, റിജക്ടഡ് വേസ്റ്റ് നിർമ്മാർജനം | 310753 |
| 403/23, MCF കെട്ടിട വാടക | 359342 |
| 328/23, ഇലക്ട്രിക് വാഹനം വാങ്ങൽ | 466014 |
| 404/23,മാലിന്യ മുക്ത മമ്പാട് | 71550 |

VIII)രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്.

2023-24 വർഷം മുതൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

IX)ശുപാർശകൾ.

- പഞ്ചായത്തിന് സ്വന്തമായി ഒരു എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

  എം.സി.എഫുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക. മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൽ നടത്തുക.

## 1-20 ലൈഫ് ഭവനപദ്ധതി പ്രൊജക്റ്റ് പുരോഗതി കൈവരിക്കുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ പദ്ധതികളിലെ വീടുകളുടെ നിർമ്മാണപ്രവൃത്തികളിൽ പുരോഗതി കൈവരിക്കുന്നില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | കരാർ വെച്ച ഗുണഭോക്താതാക്കൽ | ഭവന നിർമ്മാണം പൂർത്തിയാക്കിയവർ | ഒരു ഗഡു മാത്രം കൈ പറ്റിയവർ |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ജനറൽ (329/23) | 4000000 | 2455000 | 61 | 0 | 25 |
| ലൈഫ് ഭവന പദ്ധതി എസ് സി (330/23) | 40000000 | 2670000 | 69 | 0 | 37 |
| ലൈഫ് ഭവന പദ്ധതി എസ് റ്റി (331/23) | 6000000 | 3960000 | 80 | 0 | 31 |

പ്രൊജക്റ്റ് നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാൻ കഴിയാത്തതിനു പ്രത്യേക കാരണം ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മാത്രമാണ് ആദ്യഗഡു നൽകാനായത് എന്നും അതിനാലാണ് നിർമ്മാണം മന്ദഗതിയിൽ ആയത് എന്നുമാണ്. ആദ്യഗഡു നൽകി 6 മാസമായിട്ടും വീടിന്റെ നിർമ്മാണത്തിലെ ഒരു സ്റ്റേജ് പോലും പൂർത്തീകരിക്കാൻ ആയിട്ടില്ല എന്നത് പദ്ധതി മോണിറ്ററിംഗിന്റെ അഭാവം കൊണ്ടാണ്. പദ്ധതി ഫലപ്രദമായി മോണിറ്റർ ചെയ്ത് മുഴുവൻ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 വയോജന പരിപാലനം-ഹോണറേറിയവും ക്ലബ്ബ് പ്രവർത്തനങ്ങളും പ്രൊജക്ട് :അപാകത

നിർവ്വഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് | ബിൽ/ചെക്ക് നം/തീയതി | തുക | പ്രവർത്തനം |
|---|---|---|---|
| 251/23, വയോജന പരിപാലനം-ഹോണറേറിയവും ക്ലബ്ബ് പ്രവർത്തനങ്ങളും | 2215075202770721147/ 02.11.2022 | 9550 | വയോജന ക്യാമ്പ് (ഫ്ലക്സ്, ഭക്ഷണം, സൈക്കോളജിക്കൽ കൗൺസിലറുടെ ക്ലാസ്സ്) |
| | 22150752027701043093/ 31.01.2023 | 40475 | വയോജന സംഗമം (സ്റ്റേജ്,ഡെക്കറേഷൻ,ഗിഫ്റ്റ്സ്, ഭക്ഷണം Etc) |
| | 22150752027701554160/ 29.03.2023 | 4100 | വയോജന ക്യാമ്പ് (ഭക്ഷണം, ഡോക്ടർ, സൈക്കോളജിക്കൽ കൗൺസിലർ എന്നിവരുടെ ക്ലാസ്സ്etc) |
| | ആകെ | 54125 (വികസന ഫണ്ട് ജനറൽ) | |

19.4.2022 ലെ സ.ഉ.(കൈ)84/2022/LSGD നമ്പർ ഉത്തരവ് (പദ്ധതി മാർഗ്ഗരേഖ) ഖണ്ഡിക 6.5(12) പ്രകാരം ഗ്രാമ പഞ്ചായത്തിൽ 3വയോ ക്ലബ്ബുകൾ സ്ഥാപിക്കാവുന്നതാണ്. പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കാം. കുടുംബശ്രീയിൽ നിന്ന് 4000രൂപയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് 500രൂപ വീതവും ലഭ്യമാക്കി ഓരോ കെയർടേക്കർക്കും വേതനം നൽകാം. വയോക്ലബ്ബുകളുടെ കെട്ടിട വാടക, വൈദ്യുതി,വാട്ടർ ചാർജ്ജ് എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാം. വയോക്ലബ്ബുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് സർക്കാർ അനുമതി മേൽ സൂചിപ്പിച്ചവക്ക് മാത്രമാണ്. ഒരു കെയർടേക്കർക്ക് കണക്കാക്കിയ വേതനം (5000/-) പോലും നൽകേണ്ടത് ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടാതെയാണ്. പ്രസ്തുത സാഹചര്യത്തിൽ ക്യാമ്പുകൾ പോലെയുള്ള പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 28/01.09.2023)നൽകി. ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതി വയോജനങ്ങൾക്ക് വളരെ പ്രയോജനകരമായിരുന്നുവെന്നും സർക്കാർ ഉത്തരവിലെ നിർദ്ദേശം ശ്രദ്ധയിൽ വരാത്തതിനാലാണെന്നും അറിയിച്ചു.

മാർഗ്ഗരേഖകൾ പ്രകാരം അനുമതിയില്ലാത്തവ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്താതെ പോതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നു

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2022-23 ൽ 616232/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിൽ പഞ്ചായത്ത് പരിധിയിൽ നിലവിൽ 85 ടാപ്പുകളുള്ളതായാണ് കാണിച്ചിട്ടുള്ളത്. ഈ ടാപ്പുകൾക്ക് 4/22മുതൽ 01/23 വരെ എല്ലാ മാസവും 40998/-രൂപ വീതവും 02/23, 03/23 എന്നീ മാസങ്ങളിൽ 103126/-രൂപയും വെള്ളക്കരം അടവാക്കിയിട്ടുണ്ട്.

ജി.ഒ (ആർ.ടി) 2242/2011/ത.സ്വ.ഭ.വ/28.09.2011 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള സംയുക്ത പരിശോധന നടത്തി നിലവിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയോ തെരുവ് ടാപ്പുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിയിൽ കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 10/22-23/24.08.23) മറുപടി ലഭ്യമാക്കിയത്.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും ഉപയോഗശൂന്യമായി കണ്ടെത്തുന്ന ടാപ്പുകളുടെ കരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | 216/23, SSK വിഹിതം അടവാക്കൽ |
| ചെലവ് തുക | 1000000 (വികസന ഫണ്ട് ജനറൽ) |
| ബിൽ നം. | BRN22150752009000465115/26.08.22, 500000<br>BRN22150752009000837851/29.11.22, 500000 |

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് പ്രകാരം ₹1000000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022 ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ നൽകുന്നു.

1. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)

2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരള കൃത്യമായി സമർപ്പിക്കണം. ( ഖ 8.6.4)

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

- തുക നൽകുന്നതിനായി ലഭ്യമാക്കുന്ന പ്രൊപ്പോസൽ തന്നെയാണ് ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്ന പേരിൽ എസ്.എസ്.എ യിൽ നിന്നും ലഭ്യമായിട്ടുള്ളത്. സിവിൽ വർക്ക് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ.26/22-23/01.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-24 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ നം.103/23 പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് (സ.ഉ (സാധാ) നം.98/2022/തസ്വഭവ/13.01.2022 പ്രകാരം) ഗ്രാമപഞ്ചായത്ത് വിഹിതമായി തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 22200823/05.12.22 പ്രകാരം 183600/-രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ന് നൽകിയിട്ടുണ്ട്. (2021-22ൽ നൽകിയ81400രൂപ ഉൾപ്പെടെ ആകെ 265000രൂപ) ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ. 18/22-23/26.08.23ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 വാഴക്കന്ന് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | 492/23വാഴക്കന്ന് വിതരണം- വനിത |
| ചെലവ് തുക | 500000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം. | 22150752028101387835/17.03.23, 320000<br>22150752028101387845/17.03.23, 180000 |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിൽ പുരയിട വാഴകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വനിതാ കർഷകർക്ക് പരമാവധി 200എണ്ണം നേന്ത്രവാഴ കന്നുകൾ 100% സബ്സിഡിയിൽ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ഇത് പ്രകാരം കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 31250 എണ്ണം വാഴ കന്നുകൾ 500000രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം. W-263/22-23/21.02.23, W-265/22-23/22.02.23)

പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) വാഴക്കന്ന് വിതരണം സുതാര്യമല്ല.

ഇൻവോയിസ് പ്രകാരം ലഭ്യമായ വാഴക്കന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള 278 പേർ അടങ്ങിയ ഒരു വിതരണ രേഖ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ 200എണ്ണം

വാഴക്കന്നുകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയ 10 ഗുണഭോക്താക്കളെ ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ ഇതിൽ 8 പേർക്കും 20, 25 എണ്ണം മാത്രമാണ് ലഭിച്ചതെന്ന് അറിയാൻ കഴിഞ്ഞു. ആയതിനാൽ ഏതെല്ലാം ഗുണഭോക്താക്കൾക്ക് എത്ര അളവിൽ വിത്തുകൾ വിതരണം ചെയ്തു എന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2) വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്റർ ചെയ്തതായി കാണുന്നില്ല. കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ടി പദ്ധതിയുടെ മോണിറ്ററിംഗ് സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 27/22-23/01.09.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വാഴക്കന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ ആധികാരിക രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. കാർഷിക മേഖലയിലെ മുഴുവൻ പദ്ധതികളുടെ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-26 MES മമ്പാട് കോളേജിലെ അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല.

MES മമ്പാട് കോളേജിൽ പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിന് കോളേജ് മാനേജ്മെന്റ് കമ്മിറ്റി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിട ലേ ഔട്ടിന് അംഗീകാരം നൽകി മലപ്പുറം ജില്ലാ ടൗൺപ്ലാനർ പുറപ്പെടുവിച്ച ഉത്തരവ് TCPMPM/ 1160/2021-A3 30/10/2021 ) പ്രകാരം കോളേജിലെ കെട്ടിടങ്ങളുടെ വിവരം താഴെ നൽകുന്നു

| കെട്ടിടത്തിന്റെ വിവരം | ആകെ Built Up Area | കുറിപ്പ് |
|---|---|---|
| നിലവിലുള്ള കെട്ടിടങ്ങൾ | 18990.02 Sqm | ഉത്തരവിലെ ക്രമ നം 1 To 31 കൂടിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണം(പൊളിച്ചുകളയാനുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടെ) |
| നിർമ്മാണം നടക്കുന്നത്. | 2000 Sqm | ഉത്തരവിലെ ക്രമ നം 32,33,34 കെട്ടിടങ്ങൾ |
| പുതുതായി പെർമിറ്റിന് അപേക്ഷിച്ച കെട്ടിടങ്ങൾ. | 7749.24 Sqm | ഉത്തരവിലെ ക്രമ നം 35,36,37 കെട്ടിടങ്ങൾ |
| ആകെ | 28555.18 Sqm | |

23.08.2023 ന് ലഭ്യമാക്കിയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ MES കോളേജിന് പഞ്ചായത്തിൽ നിന്ന് നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം ( ച.മീ) | കുറിപ്പ് |
|---|---|---|---|
| 1 | 8/ 157 | 65 | താഴത്തെ നില, |
| 2 | 8/ 158 | 330 | താഴത്തെ നില |
| 3 | 8/ 159 | 330 | താഴത്തെ നില |
| 4 | 8/ 160 | 330 | താഴത്തെ നില |
| 5 | 8/ 161 | 330 | താഴത്തെ നില |
| 6 | 8/ 162 | 200 | താഴത്തെ നില |
| 7 | 8/ 163 | 339 | താഴത്തെ നില |
| 8 | 8/ 164 | 840 | താഴത്തെ നില |
| 9 | 8/ 165 | 624 | താഴത്തെ നില, |
| 10 | 8/ 166 | 628 | താഴത്തെ നില |
| 11 | 8/ 167 | 238 | താഴത്തെ നില |

| | | | |
|---|---|---|---|
| 12 | 8/ 168 | 1030 | സുവേളജി ഡിപ്പാർട്ട് മെൻറ് , താഴത്തെ നില |
| 13 | 8/ 169 | 704 | എം.ഇ.എസ് കോളേജ് ഓഡിറ്റോറിയം, താഴത്തെ നില |
| 14 | 8/ 170 | 677 | ബീ.എസ്.സി. സുവോളജി, താഴത്തെ നില |
| 15 | 8/ 171 | 608 | ലൈബ്രറി, താഴത്തെ നില |
| 16 | 8/ 172 | 230 | ലേഡീസ് ഹോസ്റ്റൽ, താഴത്തെ നില |
| 17 | 8/ 173 | 91 | ഫുഡ്ഹാൾ, താഴത്തെ നില |
| 18 | 8/ 174 | 41 | താഴത്തെ നില |
| 19 | 8/ 175 | 9 | സെക്രട്ടറി ഹാൾ, താഴത്തെ നില |
| | ആകെ | 7644 | |

ടൗൺപ്ലാനറുടെ റിപ്പോർട്ട്, പഞ്ചായത്തിൽ നിന്ന് നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരം എന്നിവ പരിശോധിച്ചതിൽ കോളേജിൽ വ്യാപകമായി അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാകുന്നുണ്ട്.

ടൗൺ പ്ലാനറുടെ റിപ്പോർട്ട് പ്രകാരം 20990.02 ച.മീ ( 18990.02 + 2000) വിസ്തീർണ്ണമുള്ള വിവിധ കെട്ടിടങ്ങൾ കോളേജിൽ നിലവിലുണ്ട് / നിർമ്മാണത്തിലുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ നേടിയ. കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 7644 ച.മീ മാത്രമെ വരുന്നുള്ളൂ. 13000 ച.മീ ൽ അധികം വിസ്തൃതിയിലുള്ള കെട്ടിടങ്ങൾ കോളേജിൽ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

ടൗൺ പ്ലാനറുടെ മേൽ പരാമർശിച്ച ഉത്തരവിൽ പ്ലോട്ടിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളും ആധികാരികമാണ് എന്ന് ഉറപ്പുവരുത്തണം എന്ന് നിർദ്ദേശിക്കുകയും ചെയ്യുതാണ് ( നിർദ്ദേശം 11)

ടൗൺ പ്ലാനറുടെ ഉത്തരവിൽ കോളേജിൽ അനധികൃ നിർമ്മിതിയുണ്ട് എന്ന് വ്യക്തമായിട്ടും പഞ്ചായത്ത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ നാളിതുവരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

മമ്പാട് എം.ഇ.എസ് കോളേജിലെ കെട്ടിടങ്ങൾ പരിശോധന നടത്തി അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/24-8-23)മറുപടി ലഭ്യമാക്കിയില്ല.

## 1-27 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 18.06.2018 ലെ ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 01.11.2018 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്.

പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 181

ആകെ അടങ്കൽ - 14746770

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 1115590 | 1115590 | 1115590 | 3346770 |

| | | | | |
|---|---|---|---|---|
| പ്ലാൻ ഫണ്ട് | 1,90,00,00 | 1,90,00,00 | 760,00,00 | 11400000 |
| | | | | 14746770 |

വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 2606400 |
| ചികിത്സ | 216000 |
| ഭവന നിർമ്മാണം | 7600000 |
| വിദ്യാഭ്യാസം | 335000 |
| ഭവന പുനരുദ്ധാരണം | 3800000 |
| ചികിത്സ | 30000 |
| റിസർവ് ഫണ്ട് | 159370 |
| ആകെ | 14746770 |

ചെലവ്

2018-19 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ 31.03.2023 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 2398705 | 2398705 |
| പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്) | 2662808 | 2662808 |
| പലിശ | 304036 | 275109 |
| VEO മുഖേന ആനുകൂല്യം നൽകിയത് | | 2400000 |
| ആകെ | | 7736622 |

ചെലവിന്റെ ഇനം തിരിച്ച വിവരം

| | |
|---|---|
| ഭക്ഷണം | 3448622 |
| വിദ്യാഭ്യാസം | 288000 |
| വീട് നിർമ്മാണം | 2400000 (VEO ) |
| വീട് റിപ്പയർ | 1600000 |
| ആകെ | 7736622 |

ഓഡിറ്റ് വിലയിരുത്തൽ

അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

ചികിത്സ മേഖലയിൽ പ്രൊജക്ട് ഗുണഭോക്താക്കൾക്ക് സേവനങ്ങൾനൽകിയത് എന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.

ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ | കുറിപ്പ് |
|---|---|---|---|---|
| ഭക്ഷണം | 181 | 2606400 | 181 | ചലഞ്ച് ഫണ്ട്, പ്ലാൻഫണ്ട്, പലിശ എന്നിവയിൽ |

| | | | | |
|---|---|---|---|---|
| | | | | നിന്ന് ₹ 3448622 ചെലവഴിച്ച |
| വീട് നിർമ്മാണം | 19 | 7600000 | 6 | VEO യുടെ പ്രൊജക്ട് മുഖേന 2400000 നൽകി |
| വീട് റിപ്പയർ | 38 | 3800000 | 16 | പ്ലാൻ ഫണ്ടിൽ നിന്ന് ₹ 1600000 ചലവഴിച്ച. |

വീട് നിർമ്മാണത്തിൽ 31.58 % ഉം വീട് റിപ്പയറിൽ 42.1 % മാത്രമാണ് ലക്ഷ്യം നേടാൻ സാധിച്ചത്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ച നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല .

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

ചലഞ്ച് ഫണ്ട് ലഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല .

പദ്ധതിപ്രകാരം ആദ്യ ഗഡുവായി ലഭിച്ച ചലഞ്ച് ഫണ്ട് തുകയുടെ 80% ചെലവഴിച്ചാൽ അടുത്ത ഗഡു ലഭിക്കാൻ അർഹതയുണ്ടെങ്കിലും പഞ്ചായത്തിൽ ചലഞ്ച് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചതിന് പുറമെ പഞ്ചായത്ത് നൽകിയ ഫണ്ടിൽ നിന്ന് 842222 രൂപയും ഭക്ഷണവിതരണത്തിന് ചെലവഴിച്ചിട്ടും ചലഞ്ച് ഫണ്ട് ബാക്കി ലഭിക്കാനുള്ളത് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ നടപ്പാക്കിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ ( 363/23 ), പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ( 361/23 ) എന്നീ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ കസേര ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം അനുമതിയുള്ളതല്ല.

| പ്രൊജക്ട് | ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയില്ലാത്തത് | വില | കുറിപ്പ് |
|---|---|---|---|
| പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ ( 363/23 )<br>ചെലവ് -₹ 120,000<br>BRN 22150752027800982769<br>/ 31.12.2022 | Steel Arm Less Chair Cushioned Seat And Back<br>(24 Nos @ 1009.27/ No) | 28582.52 | Bill No KKD 140/ 05.12.2022 ₹ 100,000 &<br>Bill No KKD 166/19.12.2022 ₹ 20,000 |
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ( 361/23 )<br>ചെലവ് -₹ 195,000<br>BRN 22150752027800982772<br>/ 31.12.2022 ₹ 150,000<br>BRN 22150752027801180565<br>/ 31.12.2022 ₹ 45,000 | Steel Arm Less Chair Cushioned Seat And Back<br>(39 Nos @ 1009.27/ No) | 46446.6 | Bill No KKD 141 /05.12.2022 ₹ 165,000 ,<br>Bill No KKD 165/19.12.2022 ₹ 25,000<br>Bill No KKD 184/30.12.2022 ₹ 5,000 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 25/ 01.09.2023 ) സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളെക്കുറിച്ച് അറിവില്ലാത്തതിനാലാണ് ഇത്തരത്തിൽ വാങ്ങൽ നടത്തിയത് എന്നും വാങ്ങിയ സാധനങ്ങൾ ഗുണമേൻമയുള്ളതാണ് എന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുമ്പോൾ ഇത്തരത്തിൽ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് മാത്രം വാങ്ങൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധപതിപ്പിക്കേണ്ടതും സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-29 മുൻകൂർ തുക നൽകി - മരുന്ന് ലഭ്യമായില്ല.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ ( 46/23) എന്ന പ്രൊജക്ട് പ്രകാരം മരുന്ന് വിതരണം ചെയ്യുന്നതിന് ₹ 200,000 HOMCO ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ( BRN 22150752027901067287/ 19.01.2023 , Inv No PF 1082/ 26.12.2022 ) എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/02-09-2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 കണക്കിൽപ്പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBI യുടെ വണ്ടൂർ ശാഖയിലുള്ള 39669298677 നമ്പർ അക്കൗണ്ടിൽ ₹119120 യും, കേരള ഗ്രാമിൺ ബാങ്ക് മമ്പാട് ശാഖയിലെ 40163100111008 നമ്പർ അക്കൗണ്ടിൽ 30.03.2023 ന് ₹206007 യും 30-03-2023ന് ചെലവഴിക്കാതെ അവശേഷിക്കുന്നു.

രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

- അസിസ്റ്റന്റ് എഞ്ചിനിയറുടെ 2022-23 കാഷ്ബുക്കിൽ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പിന്റെ വിവരം കാണിച്ചിട്ടില്ല.
- പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, ടെണ്ടർ ഫീ, എന്നീ തുകകളാണ് അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വരുന്നത് എന്നതിനാൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.
- പഞ്ചായത്തിൽ സെക്രട്ടറി അല്ലാത്ത മറ്റ് നിർവഹണോദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ

ആരംഭിക്കുന്നതിന് സർക്കാറിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ E Tender, GST എന്നീ ആവശ്യങ്ങൾക്ക് SBI യിൽ കറണ്ട് അക്കൗണ്ട് തുടങ്ങുന്നതിന് മാത്രമാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ ഇതിനു വിരുദ്ധമായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കേരള ഗ്രാമിൺ ബാങ്കിൽ സേവിങ്സ് അക്കൗണ്ട് നില നിർത്തിപ്പോരുന്നു.

അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിവരം കാഷ് ബുക്കിൽ ഉൾപ്പെടുത്തി വിതരണം ചെയ്യാൻ ബാക്കിയുള്ള തുക അർഹരായവർക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതും , സർക്കാർ അനുമതിക്ക് വിരുദ്ധമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 32/ 01.09.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യുടെ വണ്ടൂർ ശാഖയിലുള്ള 39669298677 നമ്പർ അക്കൗണ്ടിൽ 18.08.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിൽ ₹119120 ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

മുൻ വർഷങ്ങളിൽ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ ഒടുക്ക് വരുത്തിയ തുകയും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.

പഞ്ചായത്തിൽ ഒടുക്കാനുള്ള ടെണ്ടർ ഫീ തുകയുടെ വ്യക്തമായ കണക്ക് തയ്യാറാക്കി തുക പഞ്ചായത്തിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/22-08-2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ പൂർണ്ണമായി കാഷ്ബുക്കിൽ ചേർത്തിട്ടില്ല എന്ന് വ്യക്തമായി.

കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 33/ 01.09.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ
4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ
5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/ 25.08.2023 ) മുൻ വർഷങ്ങളിൽ ഫിറ്റ്നസ് നൽകിയ ക്ലാസ്സ് മുറികൾക്കാണ് തുടർന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് എന്നും അനധികൃത നിർമ്മികളുടെ വിവരം പഞ്ചായത്തിനെ അറിയിക്കുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 എസ്.സി കുടുംബങ്ങളുടെ ഭൂമി സംരക്ഷണം - അപാകതകൾ

2022-23 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ 84/ 2022/lsgd Dt 19.04.2022 പ്രകാരം പട്ടികജാതി ഉപ പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതു പ്രകാരം പട്ടികജാതി ഉപ പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകളും പട്ടികജാതിവിഭാഗക്കാരുടെ പൊതു സൗകര്യ വികസനത്തിനുള്ള പ്രൊജക്ടുകളും ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. (ഖ 6.1.3 )

പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യ വികസന പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് (ഖ 6.1.5)

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ , എസ്.സി കുടുംബങ്ങളുടെ ഭൂമി സംരക്ഷണ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് |
|---|---|
| തൃക്കൈകുത്ത് തെയ്യത്തുംകുന്ന് എസ്.സി കുടുംബങ്ങളുടെ ഭൂമി സംരക്ഷണം ( 277/23)<br>Price ID - 93497/2022 | 317991 |
| കാട്ടുപൊയിൽ ഇളംപുഴ എസ്.സി കുടുംബങ്ങളുടെ ഭൂമി സംരക്ഷണം ( 279/23)<br>Price ID - 90898/2022 | 399710 |

പ്രവൃത്തി ഫയൽ പരിശോധന , സൈറ്റ് പരിശോധന എന്നിവ നടത്തിയതിൽ പ്രവൃത്തിയിൽ എസ്.സി കോളനിയിലെ കുടുംബങ്ങളുടെ ഭൂമിക്ക് അതിർ തിരിച്ച് ചുറ്റുമതിൽ കെട്ടി നൽകുകയാണ് ചെയ്തത് എന്ന് വ്യക്തമായി.

വ്യക്തികളുടെ ഭൂമിക്ക് അതിർ തിരിച്ച് ചുറ്റുമതിൽ കെട്ടി നൽകുക എന്നത് പൊതു സൗകര്യ വികസന പ്രൊജക്ട് ആയി കണക്കാക്കാൻ ആകില്ല. ഇത് വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ട് എന്ന രീതിയിൽ ആണ് നടപ്പാക്കിയത്.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനനുസൃതമായാണ് വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടത്. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതിയോ, നൂതന പ്രൊജക്ടുകൾക്കുള്ള പ്രത്യേക സമിതിയുടെ അനുമതിയോ തേടേണ്ടതുണ്ട്.

2022 -23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിൽ എസ്.സി വിഭാഗം കുടുംബങ്ങളുടെ ഭൂ സംരക്ഷണ

പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. ഈ പ്രൊജക്ട് നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് പ്രത്യേക അനുമതിയും ലഭിച്ചിട്ടില്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 39/ 02.09.2023 ) പ്രവൃത്തി ചില ഭാഗങ്ങളിൽ സംരക്ഷ ഭിത്തി ആയാണ് നിർമ്മിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയത്. മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേൽ പരാമർശിച്ച തരത്തിലുള്ള വ്യക്തിഗത ആനുകൂല്യ പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-35 വടപുറം ST ഫാമിലി ലാന്റ് പ്രൊട്ടക്ഷൻ പ്രവൃത്തി - അപാകതകൾ

2022-23 വർഷത്തിൽ വടപുറം ST ഫാമിലി ലാന്റ് പ്രൊട്ടക്ഷൻ എന്ന അടിയന്തിര പ്രവൃത്തി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നേരിട്ട് നിർവഹണം ( Direct Execution ) നടത്തി പണം ചെലവഴിച്ചിട്ടുണ്ട്.

പ്രവൃത്തി ഫയൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1)ഭരണസമിതിയുടെ അംഗീകാരമില്ലാതെ പ്രൊജക്ട് നടപ്പാക്കി.

2)പ്രവൃത്തിക്ക് അനുവദിച്ച തുക അസിസ്റ്റന്റ് എഞ്ചിനിയർ പണമായി പിൻവലിച്ചു.

3)പ്രവൃത്തിക്ക് ചെലവായതിൽ കൂടുതൽ തുക പിൻവലിച്ചു ₹ 58635 അധികച്ചെലവ്.

പ്രവൃത്തി ഫയലിൽ സൂക്ഷിച്ച ചെലവ് രേഖകൾ പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് ₹241063 ആണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ₹ 299698 ബാങ്കിൽ നിന്ന് പണമായി പിൻവലിച്ചിട്ടുണ്ട്.

പഞ്ചായത്ത് നേരിട്ട് പ്രവൃത്തികളുടെ നിർവഹണം നടത്തുമ്പോൾ പ്രവൃത്തി നടപ്പാക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ പണം മാത്രമെ പിൻവലിക്കാൻ പാടുള്ളൂ. എന്നാൽ മേൽ പ്രവൃത്തിയിൽ പ്രവൃത്തിക്ക് ചെലവായതിനേക്കാൾ ₹ 58635 അധികം പിൻവലിച്ചിട്ടുണ്ട്.
4)പ്രവൃത്തിക്ക് പിൻവലിച്ച പണം ചെലവഴിച്ച രേഖ ഇല്ല .

പ്രവൃത്തിക്ക് സെക്രട്ടറി അനുവദിച്ച ₹ 299698 അസിസ്റ്റന്റ് എഞ്ചിനിയർ ബാങ്കിൽ നിന്ന് 01-09-2022ന് പണമായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

₹1000 അധികരിക്കുന്ന സിംഗ്ൾ പേയ്മെന്റുകൾ ബാങ്ക് ട്രാൻഫർ മുഖേനയാണ് നടത്തേണ്ടത് എന്ന് വ്യക്തമായ നിർദ്ദേശം ഉണ്ടായിരിക്കെ [ 2011 ലെ കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 34 (4) ]വിവിധ ബില്ലുകൾ പ്രകാരം നൽകാനുള്ള പണം അക്കൗണ്ട് മുഖേന നൽകാതെ പണം നേരിട്ട് അസിസ്റ്റന്റ് എഞ്ചിനീയർ പിൻവലിച്ചതിനാൽ ഫയലിൽ സൂക്ഷിച്ച ചെലവ് രേഖകളുടെആധികാരികത തന്നെ സംശയാസ്പദമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നേരിട്ട് നടപ്പാക്കിയ പ്രവൃത്തിക്ക് ചെലവായ തുകകയെക്കാൾ കൂടുതൽ പിൻവലിച്ചത് വഴി അധികച്ചെലവ് വന്ന ₹ 58635 , തുക തിരിച്ചടക്കുന്നത്വരെയുള്ള പിഴ പലിശ സഹിതം പണം പിൻവലിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

പ്രവൃത്തിക്ക് ചെലവായതായി ഫയലിൽ കാണിച്ച ₹ 241063 ചെലവഴിച്ചതിന്റെ വ്യക്തമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും സർക്കാർ ഉത്തരവിന് വിരുദ്ധമായി പണമായിപിൻവലിച്ചതിനാലും മേൽ പരാമർശിച്ച ₹ 241063 ചെലവ് തടസ്സം ചെയ്യുകയും ചെയ്യുന്നു.

പ്രവൃത്തിക്ക് പിൻവലിച്ച പണം ചെലവഴിച്ചതിന്റെ വ്യക്തമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവിന് വിരുദ്ധമായി പണമായി പിൻവലിച്ചതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 36/ 02.09.2023 ) പ്രവൃത്തി അടിയന്തിര പ്രവൃത്തി ആയി നടപ്പിലാക്കിയതാണെന്നും പ്രവൃത്തി നടത്തിപ്പിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഭരണസമിതിയുമായി കൂടിയലോചിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.
വിശദമായ പരാമർശം ഖ 3-1 ആയി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത് കാണുക

## 1-36 ഗുണഭോക്തൃസമിതി പ്രവൃത്തി - ഓവർഹെഡ് ചാർജ്ജ് അധികം നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് സൂപ്പർ വിഷൻ ചാർജ്ജ് അനുവദനീയമല്ല എന്നും ഇവർക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വാറ്റ് ഉൾപ്പെടെ നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നും ഇതുസംബന്ധിച്ച

സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.( ധനകാര്യ അഡീ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&PW-B2/266 /2016-Fin To CE LSGD Tvm).

വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാലും ഇതിന് പകരമായി വന്ന GST വിഹിതം പ്രത്യേകമായി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനാലും വാറ്റ് ഒടുക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടിയിരുന്നത് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 16.3.2018 ലെ ഡി.ബി-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അഭിപ്രായം അറിയിക്കുകയും ചെയ്തതാണ്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽആദായ നികുതി(2%) , നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) ഉൾപ്പെടെ 3% തുക മാത്രമെ ഓവർ ഹെഡ് ചാർജ്ജിൽ നിന്ന് നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. GST വിഹിതം ( 12 Or 18% ) എസ്റ്റിമേറ്റിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്നുണ്ട്.

എന്നാൽ പ്രൈസ് മുഖേന തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജും അതിന് പുറമെ GST ഒടുക്ക് വരുത്തുന്നതിനുള്ള തുകയും അനുവദിച്ച് നൽകുന്നുണ്ട്. അതനുസരിച്ച് കൺവീനർമാർക്ക് തുകയും അനുവദിച്ച് നൽകുന്നുണ്ട്.

മേൽ പരാമർശിക്കപ്പെട്ട കത്തുകളിലെ നിർദ്ദേശപ്രകാരം ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് നിലവിലുള്ള 7.5% ൽ നിന്നും കുറവ് വരുത്തേണ്ടതായിരുന്നു. ധനവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെയും നിർദ്ദേശത്തിനനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിലെ ഓവർഹെഡ് ചാർജ്ജിൽ കുറവ് വരുത്താത്തതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 5% അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | അധികം ചെലവ് തുക<br>@ 5 % Of OH |
|---|---|---|
| പന്തലിങ്ങൽ LP സ്കൂൾ പുനരുദ്ധാരണം. ( 131/ 23 )<br>Price Id 53317/2022<br>TS - 15340/2022-23 Dt 16.09.2022 ₹400000 (36.44% Cost Index) 18% GST<br>കരാർ 46/AE/22-23 Dt 24.12.2022<br>കൺവീനർ. HM GLPS പന്തലിങ്ങൽ<br>ചെലവ് - ₹ 398959 | 338101 | 15726<br>338101X5/107.5 |

ധനവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെയും നിർദ്ദേശത്തിനനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഗുണഭോക്തൃ സമിതി പ്രവൃത്തികളുടെ ഓവർഹെഡ് ചാർജ്ജിൽ കുറവ് വരുത്താത്തതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ ₹ 15726അധികച്ചെലവുണ്ടായിട്ടുണ്ട്.

ധനവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെയും നിർദ്ദേശം പരിഗണിച്ച് ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ഈ വിഷയം പഞ്ചായത്ത് ഭരണസമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/ 25.08.2023 ) പ്രൈസ് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താത്തതിനാലാണ് മേൽ പരാമർശിക്കും പ്രകാരമുള്ള തുക നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-37 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 202 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 119 പ്രൊജക്ടുകളിലായി ആകെ 20724395രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 202 | ആകെ അടങ്കൽ | 41403394 |

| | | | |
|---|---|---|---|
| നടപ്പിലാക്കിയത് | 119 | ചെലവ് | 20724395 |
| ശതമാനം | 58.91 | ചെലവ് ശതമാനം | 50.05 |

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ഓഡിറ്റ് റിപ്പോർട്ടിൽ നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അവ ഗ്രാമസഭകളിൽ ചർച്ചക്ക് വയ്ക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ലും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികളിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതായി വ്യക്തമായി.

ഓഡിറ്റ് റിപ്പോർട്ടും അതിലെ തീരുമാനവും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയോ ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ ചട്ടം 21 പ്രകാരമുള്ള നടപടികളും പഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കുന്നില്ല.

ഓഡിറ്റ് റിപ്പോർട്ടിൽ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വടപുറം ST ഫാമിലി ലാന്റ് പ്രൊട്ടക്ഷൻ പ്രവൃത്തി - അപാകതകൾ

2022-23 വർഷ്തതിൽ വടപുറം ST ഫാമിലി ലാന്റ് പ്രൊട്ടക്ഷൻ എന്ന അടിയന്തിര പ്രവൃത്തി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നേരിട്ട് നിർവഹണം ( Direct Execution ) നടത്തി പണം ചെലവഴിച്ചിട്ടുണ്ട്.

പ്രവൃത്തി ഫയൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

ഭരണസമിതിയുടെ അംഗീകാരമില്ലാതെ പ്രൊജക്ട് നടപ്പാക്കി .

1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിന് ഭരണസമിതിയുടെ അനുമതി നൽകേണ്ടതുണ്ട്. കൂടാതെ പ്രവൃത്തി നടത്തിപ്പ് രീതിയും എങ്ങനെയാണ് എന്ന് ഭരണസമിതി തീരുമാനം എടുക്കേണ്ടതുണ്ട്. എന്നാൽ മേൽ പരാമർശിക്കപ്പെട്ട പ്രവൃത്തി നടപ്പാക്കുന്നതിനും പണം ചെലവഴിക്കുന്നതിനും പ്രവൃത്തി നേരിട്ട് നിർവഹണം നടത്തുന്നതിനും പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുക്കാതെയാണ് പ്രവൃത്തി നടത്തിയത്.

പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം 4/10 Dt 10.08.2022 ലെ ഭരണസമിതി തീരുമാനപ്രകാരം പ്രവൃത്തിക്ക് പണം നൽകുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൽ മേൽ പ്രവൃത്തി 2022-23 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രവൃത്തിക്ക് അനുവദിച്ച തുക അസിസ്റ്റന്റ് എഞ്ചിനിയർ പണമായി പിൻവലിച്ചു .

പ്രവൃത്തിക്ക് പണം അനുവദിക്കുന്നതിനുള്ള അസിസ്റ്റന്റ് എഞ്ചിനിയറുടെ റിക്വസിഷൻ പ്രകാരം ₹299698 സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ( വൗച്ചർ നം 22200487/ 26.08.2022)

ട്രഷറി അക്കൗണ്ടിൽ നിന്ന് ഈതുക കേരള ഗ്രാമീൺ ബാങ്ക് മമ്പാട് ശാഖയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റി അവിടെ നിന്ന് ഈ തുക ( ₹ 299698 ) അസിസ്റ്റന്റ് എഞ്ചിനിയർ പണമായി പിൻവലിച്ചതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി.

നേരിട്ട് നിർവഹണം നടത്തിയ പ്രവൃത്തിയുടെ ചെലവിനത്തിൽ സെക്രട്ടറി അനുവദിച്ച തുക പൂർണ്ണമായി പണമായി പിൻവലിച്ചത് ഗൗരവതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

പ്രവൃത്തിക്ക് ചെലവായതിൽ കൂടുതൽ തുക പിൻവലിച്ചു ₹ 58635 അധികച്ചെലവ്.

പ്രവൃത്തി ഫയലിൽ സൂക്ഷിച്ച ചെലവ് രേഖകൾ പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് ₹241063 ആണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ₹ 299698 ബാങ്കിൽ നിന്ന് 01-09-2022ന് പണമായി പിൻവലിച്ചിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| ബിൽ വിവരം | സാധനം | തുക | കുറിപ്പ് |
|---|---|---|---|
| Inv No AB1614 / 08.07.2022<br>തറയിൽ ട്രേഡേഴ്സ് മക്കരപ്പറമ്പ | Cement PCC<br>175 Bag | 66501.12 | പണം നൽകിയതിന്റെ രേഖഇല്ല |
| Inv No B/541 Dt 07.07.2022<br>Kadavath Traders Edavanna | TMT Steel Bar<br>375.7 Kg | 27802 | പണം നൽകിയതിന്റെ രേഖഇല്ല |
| Bill NO 414,415,416<br>Damam Granites Kallidumbu Edavanna | Metal & M Sand | 25200 | പണം നൽകിയതിന്റെ രേഖഇല്ല |

| | | | |
|---|---|---|---|
| Muster Roll (Not Attested ) | Labour | 81730 | കൈപ്പറ്റിയ ആളുടെ പേരില്ല. പണം നൽകിയതിന്റെ രേഖഇല്ല |
| Hand Receipt | സെന്ററിംഗ് പ്രവൃത്തി 47.55 Sqm @ 756 | 35948 | കൈപ്പറ്റിയ ആളുടെ പേരില്ല. |
| Hand Receipt | ഉപകരണ വാടക | 3882 | കൈപ്പറ്റിയ ആളുടെ പേരില്ല. |
| | ആകെ | 241063.12 | |

പഞ്ചായത്ത് നേരിട്ട് പ്രവൃത്തികളുടെ നിർവഹണം നടത്തുമ്പോൾ പ്രവൃത്തി നടപ്പാക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ പണം മാത്രമെ പിൻവലിക്കാൻ പാടുള്ളൂ. എന്നാൽ മേൽ പ്രവൃത്തിയിൽ പ്രവൃത്തിക്ക് ചെലവായതിനെക്കാൾ ₹ 58635 അധികം പിൻവലിച്ചിട്ടുണ്ട്.

അധികമായി പിൻവലിച്ച തുക ₹ 58635 തുക തിരിച്ചടക്കുന്നത് വരെയുള്ള പിഴ പലിശ സഹിതം ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

പ്രവൃത്തിക്ക് പിൻവലിച്ച പണം ചെലവഴിച്ച രേഖ ഇല്ല .

പ്രവൃത്തിക്ക് സെക്രട്ടറി അനുവദിച്ച ₹ 299698 അസിസ്റ്റന്റ് എഞ്ചിനിയർ ബാങ്കിൽ നിന്ന് പണമായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

പ്രവൃത്തിക്ക് ₹ 241063 യുടെ വിവിധ ബില്ലുകൾ / രസീതുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബില്ല് പ്രകാരമുള്ള സാധനങ്ങളുടെ പണം നൽകിയതിന്റെ രേഖകൾ ഫയലിൽ ഇല്ല..

- പ്രവൃത്തിക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ സിതരണം ചെയ്ത സാഥാപനങ്ങൾക്ക് അവരുടെ ബില്ല് പ്രകാരമുള്ള പണം അവരുടെ അക്കൗണ്ടുകളിലേക്ക് നൽകുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ തുക പൂർണ്ണമായും പണമായി അസിസ്റ്റന്റ് എഞ്ചിനിയർ പിൻവലിക്കുകയാണ് ചെയ്തത്. സാധനങ്ങൾ സപ്ലൈ ചെയ്തവർക്ക് പണം നൽകിയതിന്റെ രേഖകളും ഫയലിൽ ഇല്ല.
- പ്രവൃത്തിയുടെ കൂലിച്ചെലവ് ആയി ( സെന്ററിംഗ് പ്രവൃത്തി, ഉപകരണ വാടക )ഫയലിൽ സൂക്ഷിച്ച ബില്ലുകൾ ഒന്നും തന്നെ ആധികാരികമല്ല. പണം കൈപ്പറ്റിയത് ആരാണ് എന്ന് രേഖപ്പെടുത്താത്ത Hand Receipt ആണ് ഫയലിൽ ഉള്ളത്.
- ഫയലിൽ സൂക്ഷിച്ച മസ്റ്റർ റോൾ പ്രകാരം 2022 July 1 മുതൽ 16 വരെയുള്ള വിവിധ ദിവസങ്ങളിലായാണ് പ്രവൃത്തി നടത്തിയത് എന്ന് കാണുന്നു. ഇതിന് കൂലിച്ചെലവ് ഇനത്തിൽ ₹81730 യും മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏതെല്ലാം തൊഴിലാളികൾക്ക് എത്ര രൂപ നിരക്കിൽ കൂലി കൊടുത്തു എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. തൊഴിലാളികൾ പണം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും ഫയലിൽ ഇല്ല.
- സെന്ററിംഗ് പ്രവൃത്തിക്ക് ഒരു ചതുരശ്ര മീറ്ററിന് ₹756 നിരക്കിൽ പണം നൽകിയതായി കാണിച്ച് ഒരു രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് മേൽ നിരക്ക് അംഗീകരിച്ചതിന് ആധാരമാക്കിയ രേഖകൾ ഫയലിൽ ഇല്ല.

₹1000 അധികരിക്കുന്ന സിംഗ്ൾ പേയ്മെന്റുകൾ ബാങ്ക് ട്രാൻഫർ മുഖേനയാണ് നടത്തേണ്ടത് എന്ന് വ്യക്തമായ നിർദ്ദേശം ഉണ്ടായിരിക്കെ [ 2011 ലെ കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 34 (4) ]വിവിധ ബില്ലുകൾ പ്രകാരം നൽകാനുള്ള പണം അക്കൗണ്ട് മുഖേന നൽകാതെ പണം നേരിട്ട് അസിസ്റ്റന്റ് എഞ്ചിനിയർ പിൻവലിച്ചതിനാൽ മേൽ പരാമർശിച്ച ചെലവ് രേഖകളുടെ ആധികാരികത തന്നെ സംശയാസ്പദമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നേരിട്ട് നടപ്പാക്കിയ പ്രവൃത്തിക്ക് ചെലവായ തുകകയെക്കാൾ കൂടുതൽ പിൻവലിച്ചത് വഴി അധികച്ചെലവ് വന്ന ₹ 58635 , തുക തിരിച്ചടക്കുന്നത്വരെയുള്ള പിഴ പലിശ സഹിതം പണം പിൻവലിച്ച അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

പ്രവൃത്തിക്ക് പിൻവലിച്ച പണം ചെലവഴിച്ചതിന്റെ വ്യക്തമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവിന് വിരുദ്ധമായി പണമായി പിൻവലിച്ചതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 36/ 02.09.2023 ) പ്രവൃത്തി അടിയന്തിര പ്രവൃത്തി ആയി നടപ്പിലാക്കിയതാണെന്നും പ്രവൃത്തി നടത്തിപ്പിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഭരണസമിതിയുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പ്രവൃത്തിക്ക് ചെലവായതായി ഫയലിൽ കാണിച്ച ₹ 241063 ചെലവഴിച്ചതിന്റെ വ്യക്തമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും സർക്കാർ ഉത്തരവിന് വിരുദ്ധമായി പണമായിപിൻവലിച്ചതിനാലും മേൽ പരാമർശിച്ച ₹ 241063 ചെലവ് തടസ്സം ചെയ്യുകയും ചെയ്യുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 23.8.2023 മുതൽ 24.8.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

ഓഡിറ്റ് വർഷത്തിൽ സംയുക്ത പ്രവർത്തികൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 660000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (247/23) | 660000 | 0 |
| | 560000 | ലൈഫ് പദ്ധതി (എസ്.സി) 330/23 | 560000 | 0 |
| | 480000 | ലൈഫ് പദ്ധതി (എസ്.ടി) 331/23 | 480000 | 0 |
| | 300000 | ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (385/23) | 300000 | 0 |
| ജില്ല പഞ്ചായത്ത് | 220000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (247/23) | 220000 | 0 |
| | 320000 | ലൈഫ് പദ്ധതി (ജനറൽ) 329/23 | 320000 | 0 |
| | 760000 | ലൈഫ് പദ്ധതി (എസ്.ടി) 359/23 | 760000 | 0 |
| | 140000 | പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് (247/23) | 140000 | 0 |
| | 150000 | ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (385/23) | 150000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നം., തീയതി | മുൻകൂർ നൽകിയ തുക (രൂപ) | പൂർത്തീകരിച്ച വിവരം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| KSEB | 338/23-പൊങ്ങല്ലൂർ പൂച്ചപ്പാറ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് | 22200769/24.11.2022 | 20216 | പൂർത്തീകരിച്ചു | 20216 | 0 |
| | 340/23-തോട്ടിന്റെക്കര കടവ് റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് . | 22200770/24.11.2022 12000/-രൂപ 22200822/3-12-22 1010/-രൂപ | 13010 | പൂർത്തീകരിച്ചു | 13010 | 0 |
| | 341/23-പുള്ളിപ്പാടം സബ്സെന്റർ പ്രദേശത്തെ ഇലക്ട്രിക്ക് പോ സ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് . | 22200768/24-11-22 | 13650 | പൂർത്തീകരിച്ചു | 13650 | 0 |
| | 412/23-ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഇലക്ട്രിക്ക് പോ സ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് | 221507520090009797 39/ 30-12-22 | 12338 | പൂർത്തീകരിച്ചു | 12338 | 0 |
| | വടപുറം ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് | 221507000000013158/ 16-01-23 | 286174 | പൂർത്തീകരിച്ചു | 286174 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KUDFC | G.O.MS. 68/2018/LSGD Dt.18.5.2018 | 17030000 | 35108657 | 5970463 | - | 46168194 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 /3(1) | 2014-15 അധ്യായം – 4 | നിഷ്ക്രിയ ആസ്തികൾ അവലോകനം. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12/ 3(2) | 2014-15 അധ്യായം – 4 | മണൽ വാരൽ അവലോകനം. | |
| 2015-16/3(21) | 2016-17 | മരാമത്ത് പ്രവൃത്തികൾ മാർക്കറ്റ് നിരക്ക് പരിഗണിക്കാത്തതിനാൽ അധിക ചെലവ് | |
| 2014-15/3(1) | 2015-16 | വെള്ളക്കരം അവലോകനം | |
| 2015-16/3(21) | 2016-17 | ------ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15/2(1) | 2016-17 | ------------ | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ, തിയ്യതി. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 2007- 08 | 3-7 | LF 8584/ Spl.cell/SCD1/12 26.9.14 | K.k.മുഹമ്മദ് ഷരീഫ് സെക്രട്ടറി. | 18680 |

## 4-9 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 32868/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 3000 | ശ്രീ.ലിനീഷ്.വി.എൻ,സെക്രട്ടറി | 12100205/23.04.2022 |
| 2020-21 | 1-19 | 6620 | അസി.എൻജിനിയർ | 12100863/17.06.2022 |
| 2020-21 | 1-19 | 4068 | അസി.എൻജിനിയർ | 12100867/17.06.2022 |
| 2020-21 | 1-19 | 3498 | അസി.എൻജിനിയർ | 12100868/17.06.2022 |
| 2020-21 | 1-19 | 886 | അസി.എൻജിനിയർ | 12100871/17.06.2022 |
| 2020-21 | 1-19 | 2269 | അസി.എൻജിനിയർ | 12100872/17.06.2022 |
| 2020-21 | 1-19 | 747 | അസി.എൻജിനിയർ | 12100873/17.06.2022 |
| 2020-21 | 1-19 | 1053 | അസി.എൻജിനിയർ | 12100874/18.06.2022 |
| 2020-21 | 1-19 | 3422 | അസി.എൻജിനിയർ | 12100875/18.06.2022 |
| 2020-21 | 1-19 | 2978 | അസി.എൻജിനിയർ | 12100880/18.06.2022 |
| 2012-13&2013-14 | 3-16 | 1069 | സെക്രട്ടറി | 1220600387/25-11-2022 |
| 2000-01 | 2-1 | 160 | സെക്രട്ടറി | 1220600387/25-11-2022 |
| 2016-17 | 2-1 | 3098 | ആർ പി സുബ്രമണ്യൻ | 1220603574/10-02-2023 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 270605723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 226542839 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | 58635 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 241063 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 58635 | ശ്രീമതി ലമ്യ ടി ,അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 58635 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 1- 35 | 241063 | ശ്രീമതി ലമ്യ ടി ,അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 241063 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം .

ഇല്ല.

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലമ്യ ടി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB | തുറക്കൽ ഹൗസ്, തൊഴുവന്നൂർ പി.ഒ വളാഞ്ചേരി മലപ്പുറം. 676552 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 2004-05 | കെ.എസ്.എ.എം.പി.എം10/3015/2022(2)/26.05.2023 | 1 |
| 2 | 2008-09 | കെ.എസ്.എ.എം.പി.എം10/3015/2022(3)/26.05.2023 | 2 |
| 3 | 2009-10 2010-11 | കെ.എസ്.എ.എം.പി.എം10/3015/2022(4)/26.05.2023 | 6 |
| 4 | 2011-12 | കെ.എസ്.എ.എം.പി.എം10/3015/2022(5)/27.05.2023 | 2 |
| 5 | 2012-13 2013-14 | കെ.എസ്.എ.എം.പി.എം10/3015/2022(6)/27.05.2023 | 1 |

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 6 | 2014-15 | കെ.എസ്.എ.എം.പി.എം10/3015/2022(7)/27.05.2023 | 9 |
| 7 | 2015-16 | കെ.എസ്.എ.എം.പി.എം.26/3447/2016 തി.23.03.18 | 22 |
| 8 | 2016-17 | കെ.എസ്.എ.എം.പി.എം.10/2237/2022(1)തി.23.11.22 | 15 |
| 9 | 2017-18 | കെ.എസ്.എ.എം.പി.എം.10/2237/2022(2)തി.21.11.22 | 6 |
| 10 | 2018-19 | കെ.എസ്.എ.എം.പി.എം.10/2237/2022(3)തി.15.11.22 | 06 |
| 11 | 2019-20 | കെ.എസ്.എ.എം.പി.എം.10/810/2022 തി.09.08.2022 | 15 |
| 12 | 2020-21 | കെ.എസ്.എ.എം.പി.എം.10/1403/2022 തി.12.09.2022 | 9 |
| 13 | 2021-22 | കെ.എസ്.എ.എം.പി.എം.6/418/23(2)തി.15.06.23 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.10/2023

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 22(1) dated 10-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mampad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mampad Grama Panchayat for the year 2022-2023

Date: 30/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Mampad Grama Panchayat for the Year 2022-2023.

**1.Major Observations**

1.The asset value shown in balance sheet is not traceable to Asset Register due to unsupported design of existing Asset Register.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a)Ratios

b)notes on accounts

c) comparative amounts of previous year.

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and

closing balance of cash and cash equivalents

3.Appropriation Control Register is not Kept for the Specific Purpose grand amounts deposited in own Fund which are notified in B-4 Schedule.

4.The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Sl no | ITEMÂ | B-4 Â | B-17 |
|---|---|---|---|
| 1 | NREGS | 4550 | 6550 |
| 2 | CFC | 2791666+7901172(TIED + UNTIED)=10692838 | 108307324 |

5.Expenditure of Grand in Annual Financial Statement is not Agreed with Appropriation Control Register .

6.Passbook balance shown in BRS not tally with actual passbook balance .

7.amount wrongly recorded in trial balance.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്